# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2624 21/06/2012-ലെ മറുപടിക്ക്

## ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതിയ ഡിഗ്രി കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബിരുദതലത്തിലും, ബിരുദാനന്തര തലത്തിലും ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; | എ) നിലവിൽ ബി.എ. ഹിസ്റ്ററി, ബി.എ. ഇക്കണോമിക്സ്, ബി.കോം, ബി.എസ്.സി. പോളിമർ കെമിസ്ട്രി, എം.കോം, എം. എ. ഇക്കണോമിക്സ് എന്നീ കോഴ്സുകളാണ് നിലവിലുള്ളത്. |
| ബി) പ്രസ്തുത കോളേജ് നിലവിൽ വന്ന ശേഷം വളരെ കുറച്ച് കോഴ്സുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) സയൻസ് ബ്ലോക്കിന്റെ നിർമ്മാണത്തോടെ സ്ഥലസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ സയൻസ് വിഷയങ്ങൾക്കായി കൂടുതൽ ഡിഗ്രി കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;<br>ഡി) പ്രസ്തുത കോളേജിൽ ഇസ്ളാമിക് ഹിസ്ററിയിൽ ഡിഗ്രികോഴ്സ് തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;<br>ഇ) പുതിയ കോഴ്സുകൾ തുടങ്ങുവാനുള്ള അപേക്ഷ കോളേജും യൂണിവേഴ്സിറ്റിയും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;<br>എഫ്) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) , ഡി), ഇ) & എഫ്)<br>ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബി.എസ്.സി. (ഫിസിക്സ്), എം.എസ്.സി. (പോളിമർ കെമിസ്ട്രി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി കോഴ്സ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ